ഉദ്ദേശിക്കുന്നു. ടി പദ്ധതി നടത്തിപ്പിന് ആവശ്യമായ ധനസഹായത്തിന്റെ ഒരു ഭാഗം (3.09 കോടി രൂപ) മൂലധന ഇനത്തിൽ അനുവദിച്ചുകഴിഞ്ഞു.

(ഡി) സ്ഥിര-ബദലി തൊഴിലാളികൾ ഉൾപ്പെടെ മൂന്നൂറ്റി ഏഴുപേർ പണിയെടുക്കുന്നു.

(ഇ&എഫ്) 22-9-1998 മുതൽ കമ്പനി ലേ ഓഫ് ചെയ്തതു മുതൽ 1999 സെപ്റ്റംബർ മാസം വരെയുള്ള ഒരു വർഷക്കാലത്തെ ലേ ഓഫ് ആനുകൂല്യവും ഗ്രാറ്റുവിറ്റി തുകയും ജീവനക്കാർക്ക് കൊടുത്തു കഴിഞ്ഞു. അതിനുശേഷമുള്ള മാസങ്ങളിലെ ലേ ഓഫ് വേതനവും ഗ്രാറ്റുവിറ്റി തുകയും ഇപ്പോൾ അനുവദിച്ച 3.09 കോടി രൂപയിൽ നിന്നും എടുത്ത് ജീവനക്കാർക്ക് നൽകാൻ ഉദ്ദേശിക്കുന്നു.

(ജി) കമ്പനിയുടെ പുനരുജ്ജീവന പദ്ധതി സംബന്ധിച്ച അപേക്ഷ ഇപ്പോൾ ഗവൺമെന്റിന്റെയും, കെ.ഐ.ആർ.എഫ്.ബി. യുടെയും സജീവ പരിഗണനയിലാണ്. ടി പദ്ധതിപ്രകാരമുള്ള സാമ്പത്തികസഹായം ലഭ്യമാക്കുന്ന മുറയ്ക്ക് മിൽ പ്രവർത്തനം പുനഃരാരംഭിക്കുന്നതാണ്.

തൃശ്ശൂർ സീതാറാം മിൽ

43 (2040) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ സീതാറാം മില്ലിൽ ഇപ്പോൾ എത്ര തൊഴിലാളികളുണ്ട് ;

(ബി) ഈ മിൽ എന്തെല്ലാം ഉൽപ്പാദിപ്പിക്കുന്നു ;

(സി) വസ്ത്ര നിർമ്മാണത്തിൽ നിന്ന് മിൽ പിൻവാങ്ങിയോ; എങ്കിൽ കാരണമെന്ത് ;

(ഡി) ഈ മില്ലിലെ തൊഴിലാളികളുടെ പി.എഫ്., ഇ.എസ്.ഐ. വിഹിതം അടച്ചിട്ട് എത്ര കാലമായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സ്ഥിരം തൊഴിലാളികളായി 295 പേരും ഡെയിലികളായി 103 പേരും ഉണ്ട്.

(ബി) ഈ മില്ലിൽ കോട്ടൺ നൂലും കോട്ടൻ തുണിയും ഉൽപ്പാദിപ്പിക്കുന്നു.

(സി) ഇല്ല.

(ഡി) 1999 ജൂലായ് വരെയുള്ള പി.എഫ്. വിഹിതം അടച്ചു. ഇ.എസ്.ഐ. വിഹിതം 2000 മേയ് വരെയുള്ളത് അടച്ചു.

സീതാറാം ടെക്സ്റ്റൈൽ മില്ലിന്റെ പുനരുദ്ധാരണം

44 (2041) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനമായ തൃശ്ശൂർ സീതാറാം ടെക്സ്റ്റൈൽ മില്ലിൽ സർക്കാർ നടപ്പിലാക്കിയ പുനരുദ്ധാരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly